പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1796 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി.യിലെ പിൻവാതിൽ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. എം. അഭിജിത്ത്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മുൻ സർക്കാർ കാലയളവിൽ പി. എസ്.സി. ചെയർമാനും അംഗങ്ങളും ക്രമവിരുദ്ധമായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

മറുപടി:

കേരള പബ്ലിക് സർവീസ് കമ്മീഷനിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുണ്ടായ ആരോപണങ്ങളിന്മേൽ അന്വേഷണം നടന്നു വരികയാണ്. ഇതിന്റെ തുടർ നടപടിയായി 1988 - ലെ അഴിമതി നിരോധന നിയമം സെക്ഷൻ 17 പ്രകാരമുള്ള അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് 08.07.2026 -ലെ സ.ഉ.(കൈ)നം.128/2026/Home നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് വിവിധ കാലഘട്ടങ്ങളിൽ പി.എസ്.സി നടത്തിയ പരീക്ഷകളുമായും, ഇന്റർവ്യൂകളുമായും, പരീക്ഷാ മൂല്യനിർണ്ണയവുമായും ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് തെളിവുകൾ ശേഖരിച്ചും രേഖകൾ പരിശോധിച്ചും പരാതിക്കാർ ഉൾപ്പെടെയുള്ള സാക്ഷികളിൽ നിന്നും വിവരം ശേഖരിച്ചും Crime Branch അന്വേഷണം നടത്തിവരികയാണ്.

(ബി) പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ പി.എസ്.സി. ചെയർമാനും, അംഗങ്ങൾക്കും, മുൻ ഭരണകക്ഷി പാർട്ടിയുടെ നേതാക്കൾക്കും വേണ്ടപ്പെട്ടവർക്ക് ക്രമവിരുദ്ധമായി നിയമനങ്ങൾ നൽകിയിട്ടുണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പി.എസ്.സി. റാങ്ക് പട്ടിക നിലനിൽക്കെ പത്ത് ഓഫീസ് അറ്റൻഡൻഡ് തസ്തിക കരാർ ജീവനക്കാർക്കായി മാറ്റിവെച്ചെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ